# കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **3628**

**20.06.2018-ൽ മറുപടിയ്ക്ക്**

## ആയുർവേദത്തെ ശാസ്ത്രീയമായി വികസിപ്പിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. കെ. ആൻസലൻ<br>ശ്രീ. ഒ.ആർ. കേളു<br>ശ്രീ. ജോൺ ഫെർണാണ്ടസ് | | ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ ആയുർവേദ ഹബ്ബാക്കുകയെന്ന ഉദ്ദേശ്യത്തോടെ ആയുർവേദത്തെ തെളിവ-ധിഷ്ഠിതമായി ശാസ്ത്രീയമായി വികസിപ്പിക്കുന്നതിനും പരമ്പരാഗത വൈദ്യമേഖലയിലെ അറിവ് പ്രയോജനപ്പെടുത്തുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) | ആയുർവേദത്തെ തെളിവധിഷ്ഠിതമായി ശാസ്ത്രീയമായി വികസിപ്പിക്കുന്നതിനും ഔഷധങ്ങളെ സ്റ്റാൻഡേർഡൈസ് ചെയ്യുന്നതിനും ആധുനിക ബയോടെക്നോളജിയുമായി ആയുർവേദത്തെ ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കും വേണ്ടി അന്തർദേശീയ നിലവാരത്തിലുള്ള ഗവേഷണ കേന്ദ്രം "ഇന്റർ നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ"(IRIA) ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആയുർവേദത്തിന്റെ അടിസ്ഥാന സിദ്ധാന്തങ്ങളിലുള്ള ഗവേഷണം, രോഗ പ്രതിരോധത്തിലൂന്നിയുള്ള ഗവേഷണം, ഔഷധ ഗവേഷണം, ആയുർവേദത്തിലൂന്നിയ നൂതന കണ്ടെത്തലുകൾ, ബൗദ്ധിക സ്വത്തവകാശവുമായി ബന്ധപ്പെട്ട മേഖലകൾ എന്നിവയും IRIA യുടെ പരിധിയിൽ വരും. ആയുർവേദ ഔഷധങ്ങളുടെ ഫലസിദ്ധി, സുരക്ഷ, ഗുണനിലവാരം എന്നിവ ഉയർത്തുന്നതിനുള്ള ഗവേഷണങ്ങൾ IRIA യുടെ ലക്ഷ്യമാണ്. ബാലചികിത്സ, നേത്രചികിത്സ, വിഷചികിത്സ തുടങ്ങിയ മേഖലകളിലെ കേരളത്തിന്റെ സവിശേഷമായ ആയുർവേദ വിജ്ഞാനത്തെ പരിപോഷിപ്പിക്കുകയും ശാസ്ത്രീയമായി വിലയിരുത്തുകയും അതിലൂടെ പരമ്പരാഗതമായ ആയുർവേദ വൈദ്യ മേഖല ഒരുമിച്ച് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഇന്റർ നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിലെ കല്യാട് വില്ലേജിൽ സ്ഥാപിക്കുവാൻ തീരുമാനം ആയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ആയുർവേദ ഔഷധ നിർമ്മാണ മേഖലയെ വികസിപ്പിച്ച് ആയുർവേദ ഔഷധങ്ങൾ രോഗികൾക്ക് താങ്ങാവുന്ന വിലയ്ക്ക് ലഭ്യമാക്കുന്നതിന് നടത്തി വരുന്ന പ്രവർത്തനം അറിയിക്കാമോ; | (ബി) | ആയുർവേദ ഔഷധ നിർമ്മാണ മേഖലയെ വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി പൊതുമേഖല സ്ഥാപനമായ ഔഷധിയുടെ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഔഷധിയിൽ നവീകരിച്ച പാക്കിംഗ് സംവിധാനം ഏർപ്പെടുത്തി. 'പുതിയ ഔഷധ സസ്യ വിജ്ഞാന വ്യാപന കേന്ദ്രം പരിയാരം സബ് സെന്ററിൽ ആരംഭിച്ചു. ഔഷധിയുടെ ഒരു പുതിയ ഫാക്ടറി തിരുവനന്തപുരം മുട്ടത്തറയിൽ പ്രവർത്തനമാരംഭിച്ചു. ഭാരതീയ ചികിത്സ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ വരുന്ന രോഗികൾക്ക് സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനമായ ഔഷധിയിൽ നിന്നും ആയുർവേദ ഔഷധങ്ങൾ ലഭ്യമാക്കി സൗജന്യമായാണ് നൽകിവരുന്നത്. |
| (സി) | സർക്കാർ ഉടമസ്ഥതയിലുള്ള ഔഷധിയെ ശാക്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പരമ്പരാഗത ഔഷധ മേഖലയിൽ പ്രവർത്തിക്കുന്നവരെ സംരക്ഷിക്കാനും ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കാനും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | ഉണ്ട്.<br>സംസ്ഥാന ഔഷധ സസ്യ ബോർഡിന്റെ ധനസഹായത്തോടു കൂടി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഭാഗമായി പരമ്പരാഗത ആയുർവേദ ഔഷധ മേഖലയിലെ തോട്ടം തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ഔഷധ സസ്യങ്ങളുടെ കൃഷിരീതി, പരിപാലനം, ഉപയോഗം തുടങ്ങിയ വിഷയങ്ങളിൽ കർഷകർക്ക് സൗജന്യമായി പരിശീലനം നൽകുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ